പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :4861

26.06.2019-ൽ
മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാല പരീക്ഷകൾ

*ചോദ്യം*
ശ്രീ.കെ.വി.വിജയദാസ്

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ പ്രസിദ്ധീകരിക്കുമോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. പരീക്ഷാ തീയതികൾ കൂടി ഉൾപ്പെടുത്തിയാണ് സാങ്കേതിക സർവകലാശാല അക്കാദമിക് കലണ്ടർ ഓരോ അധ്യയന വർഷത്തിന്റെയും ആരംഭത്തിൽ പ്രസിദ്ധീകരിക്കുന്നത്. |
| (ബി) | കെ ടി യുവിലെ പരീക്ഷകളുടെ നടത്തിപ്പിൽ സമയനിഷ്ഠ പാലിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) & (സി) | പരീക്ഷകൾ അക്കാദമിക് കലണ്ടർ പ്രകാരം തന്നെ നടത്തുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. 2016-17 അധ്യയന വർഷം മുതൽ എല്ലാ പരീക്ഷയുടെയും ചോദ്യപേപ്പറുകൾ ഓൺലൈൻ ആയാണ് പരീക്ഷാ സെന്ററുകളിൽ എത്തിക്കുന്നത്.<br>പരീക്ഷ നടത്തിയതിനുശേഷം 45 ദിവസത്തിനുള്ളിൽ തന്നെ ഫലം പ്രഖ്യാപിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. ഇതിന്റെ ഭാഗമായി മൂല്യനിർണ്ണയ ക്യാമ്പുകളുടെ എണ്ണം കൂട്ടുകയും |
| (സി) | പ്രസ്തുത പരീക്ഷകൾ കൃത്യസമയത്ത് നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും ജാഗ്രതയോടു കൂടിയ ഇടപെടൽ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ? | | |

| | | | |
|---|---|---|---|
| | വിശദമാക്കാമോ ? | | മൂല്യനിർണയത്തിൽ പങ്കെടുക്കാതിരിക്കുന്ന അദ്ധ്യാപകർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ